**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1686 — 04/12/2015-ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പങ്കാളിത്ത പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ കൂടി പങ്കെടുപ്പിച്ച് കൃഷി വകുപ്പ് നടത്തുന്ന വിദ്യാർത്ഥി പങ്കാളിത്ത പച്ചക്കറി കൃഷി പദ്ധതിയിൽ നിലവിൽ എത്ര സ്കൂളുകളാണുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | എ) വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ഈ സാമ്പത്തിക വർഷം 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 395 |
| 2. | കൊല്ലം | 425 |
| 3. | പത്തനംതിട്ട | 360 |
| 4. | ആലപ്പുഴ | 360 |
| 5. | കോട്ടയം | 544 |
| 6. | ഇടുക്കി | 420 |
| 7. | എറണാകുളം | 290 |
| 8. | തൃശ്ശൂർ | 290 |
| 9. | പാലക്കാട് | 590 |
| 10. | മലപ്പുറം | 440 |
| 11. | കോഴിക്കോട് | 390 |
| 12. | വയനാട് | 200 |
| 13. | കണ്ണൂർ | 416 |
| 14. | കാസർഗോഡ് | 280 |
| | **ആകെ** | 5400 |

| | |
|---|---|
| ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിനും എന്തൊക്കെ ആനുകൂല്യങ്ങളാണ് കൃഷി വകുപ്പ് നൽകിവരുന്നത്; ഇതിനായി എത്ര തുക ചെലവഴിക്കുന്നു എന്ന് വ്യക്തമാക്കുമോ; | ബി) പ്രസ്തുത പദ്ധതി പ്രകാരം 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി തുടങ്ങുന്നതിനായി 4000/- രൂപ വീതം നല്കുന്നു. ഇതോടൊപ്പം പ്രവർത്തന ചിലവുകൾക്കായി 1000/- രൂപ വീതവും നല്കുന്നുണ്ട്. കൂടാതെ 470 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ജലസേചന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10,000/- രൂപ വീതം ധനസഹായം നല്കുന്നു. |
| സി) പ്രസ്തുത പദ്ധതി വഴി കഴിഞ്ഞ വർഷം ഉത്പാദിപ്പിക്കപ്പെട്ട പച്ചക്കറിയുടെ മൂല്യം എത്രയെന്ന് വ്യക്തമാക്കാമോ; | സി) പദ്ധതി വഴി കഴിഞ്ഞ വർഷം 1273.698 മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ സാധിച്ചു. |
| ഡി കൂടുതൽ സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ പങ്കെടുപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി 2014-15-ൽ 2500 വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2015-16-ൽ ഈ പദ്ധതി 5400 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കി. വരും വർഷത്തിലും ഈ പദ്ധതി തുടരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**